**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5957** **09-11-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ പഠന ശേഷി വിലയിരുത്തി പരിഹാരം കണ്ടെത്താൻ നടപടികൾ സ്വീകരിക്കുന്നതുപോലെ ലോക്ക്ഡൗണിനെ തുടർന്ന് വീട്ടിലുള്ള ഈ വിഭാഗം കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ലോക്ക് ഡൗൺ കാലയളവിൽ അദ്ധ്യാപകർ ഓൺലൈനായി ക്ലാസ്സുകൾ എടുക്കുകയും ക്ലാസ്സ് ടെസ്റ്റുകൾ നടത്തുകയും ചെയ്തു വന്നിരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് റഗുലർ ക്ലാസ്സുകൾ നടന്നു വന്നിരുന്ന സമയത്ത് നൽകി വന്നിരുന്ന അർഹമായ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ലോക്ക്ഡൗൺ കാലയളവിൽ ഓൺലൈൻ ക്ലാസ്സുകൾ നടന്നിരുന്ന സമയത്തും അനുവദിച്ചിരുന്നു. ലോക്ക് ഡൗൺ കാലയളവിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം ഉറപ്പ് വരുത്തുന്നതിനായി സാമൂഹ്യ പഠനമുറികൾക്കു പുറമേ പൊതു ഇടങ്ങളിലായി പഠന കേന്ദ്രങ്ങൾ സജ്ജീകരിച്ച് ഫെസിലിറ്റേറ്റർമാരെ നിയമിച്ച് ഡിജിറ്റൽ പഠനം ഉറപ്പ് വരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഡിജിറ്റൽ പഠന പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെത്തിക്കുന്നതിനായി എസ്.ടി പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, മെന്റർ ടീച്ചർമാർ, റിട്ട. അധ്യാപകർ, മോഡൽ റസിഡൻഷ്യൽ സ്കൂൾ അധ്യാപകർ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ